സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

July 2026
Vol. 2 Issue 4

പാലൈ
PALAI பாலை
ISSN No: 3049-0316

# മണിപ്രവാളകൃതികളിലെ സാമൂഹിക പ്രതിഫലനം

**ഡോ. കെ.ബി. സുമിത***



സംഗ്രഹം

കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ വളർച്ചയുടെ പ്രധാന ഘട്ടത്തിലാണ് മണിപ്രവാളസാഹിത്യം രൂപപ്പെടുന്നത്. ആര്യാധിനിവേശത്തോടെ ബ്രാഹ്മണർ കേരളത്തിന്റെ സാമൂഹികജീവിതത്തിലും കലാസംസ്കാരികജീവിതത്തിലും സ്വാധീനം ചെലുത്തി. നിലവിലെ ദ്രാവിഡസംസ്കാരത്തിനെതിരെ പ്രതിരോധം തീർത്തുകൊണ്ട് തങ്ങളുടെതായ സാംസ്കാരികജീവിതം ശക്തമാക്കി. മലയാളവും സംസ്കൃതവും ഇടകലർന്ന മണിപ്രവാളം എന്ന മിശ്രഭാഷ രൂപപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. മണിപ്രവാള ഭാഷയിൽ രചിക്കപ്പെട്ട കൃതികളിൽ അന്നത്തെ കേരളത്തിന്റെ സാമൂഹികസാഹചര്യങ്ങൾ കണ്ടെത്താൻ കഴിയും. ആദ്യത്തെ മണിപ്രവാളകൃതി എന്ന് കരുതുന്ന വൈശികതന്ത്രം, പ്രാചീന ചമ്പുക്കളായ ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടീചരിതം, ചന്ദ്രോത്സവം, സന്ദേശകാവ്യങ്ങളിൽ ഏറ്റവും പ്രാചീനമായ ഉണ്ണുനീലിസന്ദേശം, മധ്യകാല ചമ്പുക്കളായ രാമായണം ചമ്പു, ഭാരതം ചമ്പു, ഭാഷാനൈഷധം ചമ്പു എന്നിവയിലെ സാമൂഹികപ്രസക്തി കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ:** മണിപ്രവാളം, സന്ദേശകാവ്യങ്ങൾ, ചമ്പുക്കൾ, ജന്മിത്വവ്യവസ്ഥ, സാമൂഹികവിമർശനം

## ആമുഖം

മണിപ്രവാളകവിതകൾ മിക്കതും ദേവദാസികളെക്കുറിച്ചുള്ള ശൃംഗാരവർണ്ണനകളാണ്. സാധാരണ ജനങ്ങളുടെ ജീവിതം ഇവയിൽ ചിത്രീകരിച്ച് കാണുന്നില്ല. നമ്പൂതിരി സമുദായമുൾപ്പെടുന്ന ഉയർന്ന വിഭാഗത്തിലെ ജനങ്ങളായിരുന്നു അക്കാലത്ത് മണിപ്രവാളകവിതകൾ രചിച്ചിരുന്നത്. ഡോ. പി.വി. വേലായുധൻപിള്ള ഇങ്ങനെ പറയുന്നുണ്ട്: "ആര്യബ്രാഹ്മണതലത്തിൽ പൊന്തിവന്ന സാഹിത്യമാണ് മണിപ്രവാളം. പ്രാദേശികജനതയുടെ തലം വളരെ വ്യത്യസ്തമായ മറ്റൊരു സാഹചര്യത്തിൽപ്പെട്ടു ഞെരുങ്ങുന്നതാണ് അക്കാലത്ത് നാം കാണുന്നത്" (1989:158).

സമൂഹത്തിലെ ഉന്നതവർഗ്ഗക്കാരായ പ്രഭുക്കന്മാരും മറ്റും അക്കാലത്ത് അനിയന്ത്രിത ജീവിതമാണ് നയിച്ചുവന്നത്. സുഖലോലുപരായിരുന്ന ഇവർ നേരമ്പോക്കിനുവേണ്ടി എഴുതിയിരുന്ന സ്ത്രീവർണ്ണനകളാണ്

* അസ്സോസിയേറ്റ് പ്രൊഫസ്സർ, മലയാളവിഭാഗം എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം - 679 103.
Phone: 9895660728, Email: sumiseethulal@gmail.com

അക്കാലത്തെ മണിപ്രവാളകൃതികളിൽ ഭൂരിഭാഗവും. "മണിപ്രവാളസാഹിത്യം പൊതുവെ പറഞ്ഞാൽ അലസ പ്രഭുക്കന്മാരുടെ പാർശ്വവർത്തികളായ ചില രസികക്കുഴമ്പന്മാരുടെ സാഹിത്യമാണ്. തങ്ങളുടെ യജമാനൻ മാരുടെ കടക്കണ്ണു പതിഞ്ഞ തന്വംഗികളുടെ സൗന്ദര്യവിലാസത്തെ വർണ്ണിച്ചു വർണ്ണിച്ചു അവരെ ഹരം പിടിപ്പിക്കുകയായിരുന്നു ആ കവികളുടെ ലക്ഷ്യം" (1985:110) എന്ന് എസ്. ഗുപ്തൻ നായരും "സമ്പന്നവും, അലസവുമായ ജീവിതം നയിച്ചിരുന്ന ഒരു കൂട്ടം ആളുകളുടെ ലീലാവിനോദങ്ങൾ അവതരിപ്പിക്കുന്ന സാഹിത്യപ്രസ്ഥാനമായിരുന്നു മണിപ്രവാളം" (1987:199) എന്ന് എ. ശ്രീധരമേനോനും പറഞ്ഞിരിക്കുന്നത് ഇവിടെ ശ്രദ്ധാർഹമാണ്.

### പ്രാചീനമണിപ്രവാളകൃതികളിലെ സമൂഹം

മണിപ്രവാള കൃതികളിൽ പ്രഥമവും പ്രധാനവുമായി കണക്കാക്കപ്പെടുന്ന കൃതിയാണ് വൈശികതന്ത്രം. ഈ കൃതിയുടെ കാലം ഏകദേശം എ.ഡി. പന്ത്രണ്ടിലോ പതിനാലിലോ ആണെന്ന് കരുതപ്പെടുന്നു. ഒരു മുത്തശ്ശി കൊച്ചുമകൾക്ക് വേശ്യാധർമ്മത്തിന്റെ മഹത്വത്തെക്കുറിച്ച് വിശദീകരിച്ചു കൊടുക്കുന്നതാണ് ഇതിലെ പ്രമേയം.

"എൻ മുത്തിയാൾ ചെവിയിലെ മുതുമുത്തിതാനേ
ചൊല്ലികൊടുത്തവളുമെൻ ജനനിക്കുചൊല്ലി
കൈക്കൊണ്ട യോഗമതെനിക്കവൾ ചൊല്ലിയിന്നു
ഞാനും നിനക്കു വദിഗാമി ഗുരുക്രമേണ" (വൈശികതന്ത്രം, 1969:21)

വേശ്യാവൃത്തിക്ക് വളരെയധികം പ്രാധാന്യം കൽപ്പിച്ചിരുന്ന കാലഘട്ടത്താണ് ഈ കൃതിയുടെ രചനയെന്ന് മേൽകൊടുത്ത വരികളിൽനിന്നും വ്യക്തമാണ്. "മധ്യകാലവേശ്യാവൃത്തിയുടെ ലോകവീക്ഷണവും തൊഴിൽവീക്ഷണവും ഇതിലടങ്ങിയിരിക്കുന്നു"വെന്ന് പി.വി. വേലായുധൻപിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട് (1989:87).

പിന്നീടുള്ളത് പ്രാചീനചമ്പുക്കളാണ്. ഇവയിൽ ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടീചരിതം എന്നിവ പ്രാധാന്യമർഹിക്കുന്നു. ഇവയിൽ പ്രാചീനം ഉണ്ണിയച്ചീചരിതമാണെന്ന് കരുതപ്പെടുന്നു. ഈ മൂന്ന് അച്ചീചരിതങ്ങളാണ് "മണിപ്രവാളവിദ്യയെ മഹിളാളിമഹാസ്പദമാക്കി"യതെന്ന് എൻ.വി. കൃഷ്ണവാര്യർ പറയുന്നുണ്ട് (1991:147).

എ.ഡി. പതിമൂന്നാം ശതകത്തിന്റെ അവസാനത്തിൽ എഴുതപ്പെട്ട കൃതിയാണ് ഉണ്ണിയച്ചീചരിതം. തിരുമരുതൂർ ക്ഷേത്രത്തിലെ നർത്തകിയായ ഉണ്ണിയച്ചിയാണ് ഇതിലെ നായിക. ഉണ്ണിയച്ചിയുടെ സൗന്ദര്യത്തെക്കുറിച്ച് കേട്ടറിഞ്ഞ ഒരു ഗന്ധർവ്വൻ നേരിട്ട് അവളെ കാണാൻ ഭൂമിയിലെത്തുന്നു. തിരുമരുതൂർ ക്ഷേത്രത്തിൽ വെച്ച് ഗന്ധർവ്വൻ ഉണ്ണിയച്ചിയെ കണ്ടുമുട്ടുന്നു. ഉണ്ണിയച്ചിയുടെ വംശത്തെക്കുറിച്ചും മറ്റും ഒരു ബ്രാഹ്മണ വിദ്യാർത്ഥി ഗന്ധർവ്വനോട് പറയുകയും, പിറ്റേ ദിവസം പ്രഭാതത്തിൽ തന്നെ ബ്രാഹ്മണ വിദ്യാർത്ഥിയും ഗന്ധർവ്വനുംകൂടി ഉണ്ണിയച്ചിയുടെ വീട്ടിലേക്ക് പുറപ്പെടുകയും ചെയ്യുന്നു. പരിസരവർണ്ണനയ്ക്കും, നായികാവർണ്ണനയ്ക്കുമാണ് ഈ കൃതിയിൽ പ്രാധാന്യം കൊടുത്തു കാണുന്നത്. സമൂഹത്തിൽ ഉന്നതരായ പല വ്യക്തികളെയും ഈ കൃതിയിൽ ഹാസ്യാത്മകമായി ചിത്രീകരിച്ചിരിക്കുന്നത് കാണാം. അവർ നായികയെ ഒരു നോക്കുകാണാൻ അവളുടെ വീട്ടുപടിക്കൽ കാവൽ കിടക്കുന്നതായിട്ടാണ് വർണ്ണിച്ചിരിക്കുന്നത്. "ഉണ്ണിയച്ചീചരിതത്തിന്റെ പ്രാധാന്യം മുഴുവൻ അത് നമുക്ക് തരുന്ന ചരിത്രവസ്തുതകളിലും സാമൂഹിക വസ്തുതകളിലും അധിഷ്ഠിതമായിരിക്കുന്നു" (വേലായുധൻ പിള്ള, 1989:130).

നായികാവർണ്ണനാപ്രധാനമായ മറ്റൊരു കൃതിയാണ് ഉണ്ണിച്ചിരുതേവീചരിതം. 'ചോകിരം' എന്ന ഗ്രാമത്തിൽ സുന്ദരിമാർ ധാരാളമുള്ള ഒരു പ്രദേശമാണ് പൊയിലം. ഇവിടുത്തെ തോട്ടുവായ്പ്പള്ളി എന്ന ഗൃഹമാണ് നായികയുടെ വാസസ്ഥലം നായിക കുളത്തിൽ കുളിക്കുമ്പോൾ അവളുടെ കാമുകന്മാരിൽ ഒരാൾ അവളുടെ സൗന്ദര്യത്തിൽ മതിമറന്ന് പാടുന്നത് ഇന്ദ്രൻ കേൾക്കുന്നു. ഉണ്ണിച്ചിരുതേവിയെക്കുറിച്ച് ഇന്ദ്രൻ കവിയോട് ചോദിച്ചറിയുന്നു. തുടർന്ന് ഇന്ദ്രൻ കവിയോടൊപ്പം നായികാഗൃഹത്തിലേക്ക് പോകുന്നു. നായികാഗൃഹത്തിന്റെ പരിസരത്ത് ചാപല്യങ്ങൾ കാണിക്കുന്ന അവളുടെ കാമുകന്മാരെക്കുറിച്ച് കവി പറയുന്നുണ്ട്. ഇവരിൽ സമൂഹത്തിലെ ഉന്നതരായ ബ്രാഹ്മണന്മാരും വിടപ്രഭുക്കന്മാരും ഉൾപ്പെടുന്നു. ഇത്തരം ആളുകളുടെ ചാപല്യങ്ങളെ

 ISSN No: 3049-0316 

കവി ഹാസ്യാത്മകമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

നായികയായ ഉണ്ണിയാടിയെ കേന്ദ്രീകരിച്ച് എഴുതപ്പെട്ടതാണ് ഉണ്ണിയാടീചരിതം. ദാമോദരചാക്യാരാണ് ഇതിന്റെ കർത്താവ്. ഏകദേശം പതിനാലാം നൂറ്റാണ്ടിലാണ് ഈ കൃതി എഴുതപ്പെട്ടിട്ടുള്ളത്. പ്രാവൃട്ട് എന്ന ഗന്ധർവ്വസ്ത്രീയുടെ മനുഷ്യജന്മമാണ് ഉണ്ണിയാടി. പ്രാവൃട്ടിനെ ചന്ദ്രൻ പ്രാപിച്ചതിൽ കോപിഷ്ഠയായ രോഹിണി പ്രാവൃട്ടിനെ ഭൂമിയിൽ ചെന്നു പിറക്കാൻ ശപിക്കുന്നു. പ്രാവൃട്ടിന്റെ മനുഷ്യജന്മമാണ് ഉണ്ണിയാടി. ഭൂമിയിൽനിന്നും ഉയർന്നുവന്ന ഒരു ഗാനധാര ചന്ദ്രനെ ആകർഷിക്കുകയും, അതിന്റെ ഉത്ഭവകേന്ദ്രം അന്വേഷിച്ച് വരാൻ ചന്ദ്രൻ ഗന്ധർവ്വന്മാരെ നിയോഗിക്കുകയും ചെയ്യുന്നു. അവർ കണ്ടിയൂർ ക്ഷേത്രത്തിലെത്തി ദാമോദരച്ചാക്യാരെ പരിചയപ്പെടുകയും, ചാക്യാരോടൊത്ത് ഉണ്ണിയാടിയുടെ ഗൃഹത്തിലേക്ക് പുറപ്പെടുകയും ചെയ്യുന്നു. നായികാവർണ്ണനയുടെ പ്രാധാന്യം ഈ കൃതിയിലും കാണാനുണ്ട്. നായികയുടെ ഗൃഹപരിസരത്ത് അവളെ കാണാൻ കാത്തുനിൽക്കുന്നവരുടെ നിരകണ്ട് അവർ അത്ഭുതപ്പെടുന്നു.

മണിപ്രവാളസാഹിത്യത്തിലെ മറ്റൊരു ശ്രദ്ധേയമായ കൃതിയാണ് ചന്ദ്രോത്സവം. മേദിനീവെണ്ണിലാവിന്റെ നേതൃത്വത്തിൽ വേശ്യാസ്ത്രീകൾ നടത്തിയ ആഘോഷമാണ് ചന്ദ്രോത്സവം. ഇതു കാണാനിടയായ ഒരു ഗന്ധർവ്വൻ തന്റെ പ്രേയസിയോട് കഥ പറഞ്ഞുകൊടുക്കുന്ന രീതിയിലാണ് കാവ്യം രചിച്ചിട്ടുള്ളത്. ചന്ദ്രോത്സവത്തിന്റെ ആഘോഷങ്ങൾ അഞ്ചു ദിവസം നീണ്ടുനിന്നിരുന്നു. അതുവരെയും ഗന്ധർവ്വൻ ഭൂമിയിൽ താമസിച്ചു. വേശ്യകളുടെ ചുറ്റും കൂടിനിന്ന് അവരെ പ്രകീർത്തിച്ച് പാട്ടുപാടി നടക്കുന്ന കവികളെ ചന്ദ്രോത്സവത്തിൽ പരിഹാസത്തോടെ ചിത്രീകരിച്ചിരിക്കുന്നു. “സമകാലീകമായ സദാചാരച്യുതിയിൽ ധാർമ്മികരോഷം പൂണ്ട ഒരു കവി അതിനെ സർവ്വശക്തിയുമുപയോഗിച്ച് ഉപഹസിക്കുന്നതിന് എഴുതിയതാവാം” ഈ കൃതിയെന്ന് പി.വി. വേലായുധൻ പിള്ള അഭിപ്രായപ്പെട്ടത് ഇതുകൊണ്ടുതന്നെയായിരിക്കാം (1989:174). കേരളത്തിൽ അക്കാലത്തെ സാമൂഹിക നിലവാരം വ്യക്തമാക്കുന്ന കൃതിയാണിത്. ജന്മിസമ്പ്രദായത്തിന്റെ ഫലമായി കേരളത്തിലന്ന് സാംസ്കാരികാധഃപതനം സംഭവിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. ഈ അധഃപതനം ഏറെ രൂക്ഷവുമായിരുന്നു. “ചന്ദ്രോത്സവം വായിച്ചു കഴിയുമ്പോൾ വേശ്യകളുടെ സാമ്രാജ്യമായിരുന്നു ഒരു കാലത്ത് കേരളം എന്ന തോന്നൽ നമുക്കുണ്ടാകാതിരിക്കില്ല“ എന്ന് പി.വി. വേലായുധൻപിള്ള പറയുന്നതിൽ അതിശയോക്തി ഉണ്ടെന്ന് തോന്നുന്നില്ല (1989:173).

മലയാളത്തിലെ സന്ദേശകാവ്യങ്ങളിൽ ഏറ്റവും പ്രാചീനമായ ഉണ്ണുനീലി സന്ദേശവും ഒരു മണിപ്രവാള കൃതിയാണ്. ഇതിലെ നായിക ഉണ്ണുനീലിയാണ്. കടത്തുരുത്തിയിലെ നായികയുടെ വസതിയിൽ നായികാനായകന്മാർ ഉറങ്ങിക്കിടക്കുമ്പോൾ ഒരു യക്ഷി നായകനെ പൊക്കിയെടുത്തുകൊണ്ടുപോകുന്നു. ആകാശമദ്ധ്യേ നിദ്രവിട്ടുണരുന്ന നായകൻ നരസിംഹമന്ത്രം ജപിച്ച് യക്ഷിയുടെ പിടിയിൽനിന്നും മോചിതനാവുകയും ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന് സമീപം പതിക്കുകയും ചെയ്യുന്നു. വായുവിലൂടെ പതുക്കെ ഭൂമിയിൽ പതിച്ച നായകന് അപകടമൊന്നും സംഭവിക്കുന്നില്ല. അവിടെവെച്ച്, സൈന്യസമേതനായി ക്ഷേത്രപരിസരത്തെത്തിയ ആദിത്യവർമ്മയെന്ന തൃപ്പാപ്പൂർ മൂപ്പനെ നായകൻ കാണുന്നതും അദ്ദേഹത്തിന്റെ കൈവശം നായികയ്ക്ക് സന്ദേശം കൊടുത്തയയ്ക്കുന്നതും ആണ് ഇതിലെ പ്രമേയം. നായികാവർണ്ണനയ്ക്കും, സ്ഥലവർണ്ണനയ്ക്കും ഇതിൽ പ്രാധാന്യം കൊടുത്തുകാണുന്നുണ്ട്.

ആ കാലഘട്ടത്തിലെ സാമൂഹികജീവിതത്തിന്റെ പ്രതിഫലനം ഈ കൃതിയിൽ പ്രകടമാണ്. “ഉണ്ണുനീലിസന്ദേശത്തിന്റെ സർവ്വപ്രധാന്യമായി നാം കാണുന്നത് പതിനാലാം ശതകത്തിലെ കേരളീയ സാമൂഹികജീവിതത്തിന്റെ വിവിധതലങ്ങളിലേക്ക് അത് വളരെയേറെ വെളിച്ചം വീശുന്നു എന്നുള്ളതാണ്. മണിപ്രവാളകാവ്യത്തിന്റെ മാത്രമല്ല, മണിപ്രവാളസംസ്കാരത്തിന്റെയും പ്രതിനിധിയാണ് ഈ കാവ്യം” (വേലായുധൻ പിള്ള, 1989:158). സമുദായത്തിൽ താഴെക്കിടയിലുള്ളവരെക്കുറിച്ചുള്ള വിവരണങ്ങൾ അങ്ങാടി വർണ്ണനകളിലും മറ്റും കാണാം. അവരുടെ തൊഴിലിനെക്കുറിച്ചും സാധാരണ ജീവിതത്തെക്കുറിച്ചുമെല്ലാം ഇതിൽ പ്രതിപാദിക്കുന്നുണ്ട്. സമൂഹത്തിലെ ഉയർന്ന വിഭാഗക്കാരുടെ ആർഭാടപൂർണ്ണമായ ജീവിതവും ഈ കൃതിയിൽ വിവരിക്കുന്നുണ്ട്. വിദേശവാണിജ്യം വമ്പിച്ച അളവിൽതന്നെ അക്കാലത്ത് നടന്നിരുന്നതായി മനസ്സിലാക്കാം. കൊല്ലം, കടത്തുരുത്തി തുടങ്ങിയ തുറമുഖങ്ങൾ അന്ന് പ്രസിദ്ധമായിരുന്നു. ഇങ്ങനെ ആ കാലഘട്ടത്തിലെ സാമൂഹികജീവിതത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ഈ കൃതി വളരെയധികം ഉപകരിക്കുന്നുണ്ട്.

ISSN No: 3049-0316


മണിപ്രവാളപ്രസ്ഥാനത്തിൽപ്പെട്ട ചില കൃതികളെക്കുറിച്ചാണ് മേൽപ്രസ്താവിച്ചത്. "മൂന്നിലേറെ നൂറ്റാണ്ടുകളിലായി പരന്നുകിടക്കുന്ന ഈ സാഹിത്യസമുച്ചയം മണിപ്രവാളകവികളുടെ സംസ്കാരത്തിന്റെ ഒരു വശത്തെ പ്രതിഫലിപ്പിക്കുന്നു" എന്ന എൻ.വി. കൃഷ്ണവാര്യരുടെ പ്രസ്താവന ഇവിടെ ശ്രദ്ധേയമാണ് (1976:40). ദേവദാസികൾ സർവ്വഥാ മാനിക്കപ്പെട്ടിരുന്ന കാലഘട്ടമായിരുന്നു അത്. സാമൂഹികാധഃപതനം ആ കാലത്ത് പ്രകടമായിതന്നെ നിലക്കൊണ്ടിരുന്നു. ഇതിന്റെ പ്രത്യാഘാതം സാഹിത്യകൃതികളെയും ബാധിക്കുകയാണുണ്ടായത്. മണിപ്രവാളസാഹിത്യത്തിന്റെ പ്രമേയപരമായ സവിശേഷതയ്ക്ക് കാരണവും ഈ സാമൂഹിക-സാംസ്കാരികാധഃപതനമാണെന്ന് പറയേണ്ടിയിരിക്കുന്നു.

"ഭാരതീയർ ജീവിതലക്ഷ്യങ്ങളായി കരുതിവന്നിരുന്ന പുരുഷാർത്ഥങ്ങളിൽ ആദ്യത്തേതും അവസാനത്തേതുമായ ധർമ്മവും മോക്ഷവും അക്കാലത്ത് ഏറ്റവുമധികം അവഗണിക്കപ്പെട്ടിരുന്നു. രണ്ടും മൂന്നും പുരുഷാർത്ഥങ്ങളായിരുന്ന അർത്ഥവും കാമവും നിർലജ്ജമായ അഹങ്കാരത്തോടെ മുന്നണിയിലേക്ക് തള്ളിക്കയറി വന്നിട്ടുമുണ്ടായിരുന്നു" (കൃഷ്ണവാര്യർ, 1976:41). ഇത്തരം സദാചാരമൂല്യച്യുതിയുടെ അതിപ്രസരത്തെ നിശിതമായി വിമർശിക്കുന്ന ഭാഗങ്ങൾ മണിപ്രവാളകൃതികളിൽ പ്രകടമാണ്. സാമൂഹികവിലക്ഷണതകൾ ചൂണ്ടിക്കാണിച്ച് വിമർശിക്കുന്ന സ്വഭാവം സന്ദേശകാവ്യങ്ങളിലും കണ്ടെത്താൻ കഴിയും. സമൂഹത്തിൽ ഉയർന്നതലത്തിലുണ്ടായിരുന്ന ബ്രാഹ്മണന്മാരും, രാജാക്കന്മാരും പ്രഭുക്കന്മാരും മറ്റും മണിപ്രവാളകവികളുടെ വിമർശനത്തിന് വിധേയരായിട്ടുണ്ട്. മണിപ്രവാളകൃതികളിലെ വർണ്ണനകൾ അതിരുകടന്നവയെങ്കിലും, സാമൂഹ്യപ്രതിബദ്ധതയുള്ള എഴുത്തുകാർ ആ കാലഘട്ടത്തിലെ സദാചാരച്യുതിക്കെതിരായി വിമർശനമുന്നയിക്കാൻ മടികാണിച്ചിരുന്നില്ലെന്നു നമുക്ക് മനസ്സിലാക്കാം.

## മധ്യകാലചമ്പുക്കളും സമൂഹവും

മലയാളസാഹിത്യത്തിലെ മധ്യകാലചമ്പുക്കൾ ഏറെ ശ്രദ്ധേയങ്ങളാണ്. പ്രമേയപരമായി ഇവ പ്രാചീനചമ്പുക്കളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. രാമായണം ചമ്പു, ഭാരതം ചമ്പു, ഭാഷാനൈഷധം ചമ്പു, രാജരത്നാവലീയം, കൊടിയവിരഹം, കാമദഹനം, ചെല്ലൂർ നാഥോദയം തുടങ്ങിയവ മധ്യകാലചമ്പുക്കളിൽ പ്രാധാന്യമർഹിക്കുന്നു.

വാല്മീകിരാമായണത്തെ അവലംബിച്ചുണ്ടായതാണ് രാമായണംചമ്പു, ഇതിന്റെ കർത്താവ് പുനം നമ്പൂതിരിയാണെന്ന് കരുതപ്പെടുന്നു. ഇതിന്റെ കാലം ഏകദേശം പതിനഞ്ചാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധമാണ്. പുരാണകഥയെ ആസ്പദമാക്കിയിട്ടുള്ള ഈകൃതിയിൽ സാമൂഹികപ്രശ്നങ്ങൾ പലതും വിമർശനവിധേയമാക്കിയിട്ടുണ്ട്. കേരളീയമായ ഒരന്തരീക്ഷം ഈ കൃതിയിൽ പ്രകടമായിതന്നെ കാണാം.

നളകഥയെ ആസ്പദമാക്കിയിട്ടുള്ളതാണ് ഭാഷാനൈഷധം ചമ്പു. മഴമംഗലമാണ് ഇതിന്റെ കർത്താവ്. സാമൂഹിക പരാമർശങ്ങൾ വിമർശനമനോഭാവത്തോടെ ഈ കൃതിയിലും അവതരിപ്പിച്ചു കാണുന്നു.

പ്രാചീനമണിപ്രവാളചമ്പുക്കളിൽ കാണുന്നതുപോലുള്ള സദാചാരച്യുതിയുടെ അതിപ്രസരം മധ്യകാലചമ്പുക്കളിൽ കാണുന്നില്ല. "പുരാണകഥാപ്രതിപാദകങ്ങളോ, ക്ഷേത്രമാഹാത്മ്യവർണ്ണനാപരങ്ങളോ, രാജസ്തുതി പ്രധാനങ്ങളോ ആയ മധ്യകാലചമ്പുക്കളിലെത്തുമ്പോഴേയ്ക്ക് മണിപ്രവാളത്തിന്റെ ഈ ആദിമപാപത്തിൽനിന്ന്, വേശ്യാസംസർഗ്ഗത്തിൽനിന്ന് അതിന് മോചനം കിട്ടിക്കഴിഞ്ഞതായി നാം കാണുന്നു" എന്ന് കൃഷ്ണവാര്യർ അഭിപ്രായപ്പെടുന്നുണ്ട് (1991:148). മാത്രമല്ല, ഈ മധ്യകാലചമ്പുക്കളിലെല്ലാം സാമൂഹികവിമർശനം ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്. അവ സാമൂഹികോന്നമനം ലക്ഷീകരിക്കുന്നവയാണ്. സാമൂഹികവിമർശനത്തിന് കവി തിരഞ്ഞെടുക്കുന്ന ഉപാധിയാണ് ഹാസ്യം. മേൽപറഞ്ഞ കൃതികളിലെല്ലാം ഹാസ്യത്തിന് സ്ഥാനം ലഭിച്ചിട്ടുണ്ട്. വിമർശനാത്മകമായ ഹാസ്യമാണ് ഇവയിൽ പ്രധാനം. സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും ഈ കവികൾ ഹാസ്യാത്മകമായി വിമർശിച്ചിരിക്കുന്നത് കാണാം. ഭാഷാനൈഷധം ചമ്പുവിലെ വരികൾ ഇങ്ങനെയാണ്.

"എത്തേണമെന്നുമെതിരേ പുനരെങ്കിലെന്തി-
നത്താഴമൂണു പഴുതേ കളയുന്നതും നാം
ഇത്ഥം നിനച്ചവശമോടിയടുക്കുമോരോ
പൃത്ഥീ സുരൗഘ നിബിഡംപുരമാബദാസേ" (ഭാഷാനൈഷധം ചമ്പു, 1989:92)

ദമയന്തിയുടെ സ്വയംവരാഘോഷച്ചടങ്ങിൽ പങ്കെടുക്കാൻ ബദ്ധപ്പെട്ട് ഓടിവരുന്ന ബ്രാഹ്മണസമൂഹത്തെ

 ISSN No: 3049-0316 

പരിഹസിച്ചുകൊണ്ടുള്ള വരികളാണിത്.

## ഉപസംഹാരം

കേരളത്തിലെ സവർണ്ണ മേധാവിത്വത്തിന്റെ സംസ്കാരവും സാമൂഹികാവസ്ഥകളും മണിപ്രവാളസാഹിത്യത്തിൽ പ്രകടമായി പ്രതിഫലിക്കുന്നു. മണിപ്രവാളകൃതികളിലെ പ്രമേയങ്ങൾ മിക്കതും ക്ഷേത്രകേന്ദ്രീകൃതങ്ങളായിരുന്നു. നമ്പൂതിരിമാരുടെ ജീവിതരീതികൾ, ആചാരങ്ങൾ, യാഥാസ്ഥിതികത്വം എന്നിവ ഈ കൃതികളിൽ പ്രകടമാണ്. അക്കാലത്ത് നിലനിന്നിരുന്ന ദേവദാസിസമ്പ്രദായം, വേശ്യാവൃത്തി എന്നിവയെ കുറിച്ചുള്ള പരാമർശങ്ങൾ ഇവയിലുണ്ട്. നായികാവർണ്ണനയും സ്ഥലവർണ്ണനയുമാണ് ഈ കൃതികളിൽ പ്രാധാന്യം. ഇവയ്ക്കുപുറമേ ലൗകികസുഖങ്ങളിൽ അഭിരമിക്കുന്ന ഒരു വലിയ വിഭാഗം സമൂഹത്തെ പ്രാചീനമണിപ്രവാളകൃതികളിൽ കണ്ടെത്താൻ കഴിയും. പ്രാചീനചമ്പുക്കളിൽ നിന്നും ഭിന്നമായി സദാചാര അപചയത്തിന്റെ ആധിക്യം മധ്യകാലചമ്പുക്കളിൽ കാണുന്നില്ല. ഇവ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കുകയും സമൂഹത്തിലെ അപചയങ്ങളെ ഹാസ്യാത്മകമായ വിമർശനങ്ങളാക്കുകയും ചെയ്യുന്നു.

## അവലംബിതസൂചി


1. കൃഷ്ണവാര്യർ, എൻ. വി., പരിപ്രേക്ഷ്യം, കറൻറ് ബുക്സ്, തൃശ്ശൂർ, 1991.
2. -------, സമാകലനം, നവധാര പബ്ലിഷിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡ്, തിരുവനന്തപുരം, 1976.
3. ഗുപ്തൻ നായർ, എസ്., ഇസങ്ങൾക്കപ്പുറം, എൻ. ബി. എസ്., കോട്ടയം, 1985.
4. ഭാഷാനൈഷധം ചമ്പു, വ്യാഖ്യാ. സാന്ദീപനി, പൂർണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989.
5. വേലായുധൻ പിള്ള, പി. വി., മലയാളസാഹിത്യചരിത്രം കൃഷ്ണഗാഥ വരെ, എൻ. ബി. എസ്., കോട്ടയം, 1986.
6. വൈശികതന്ത്രം, വ്യാഖ്യാ. കെ. രാമചന്ദ്രൻ നായർ, എൻ. ബി. എസ് ബുക്സ്, തിരുവനന്തപുരം, 1969.
7. ശ്രീധരമേനോൻ, എ., കേരളസംസ്കാരം, സാഹിത്യപ്രവർത്തക കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡ്, കോട്ടയം, 1987.